# പ്രതിഫലം നല്കാതെ ജോലി ചെയ്യിക്കുന്നത് മൗലികാവകാശ ലംഘനം

## മദ്ധ്യപ്രദേശ് ഹൈക്കോടതി

W.P. No. 27370/2019 Dt. 11.9.2020

റൂബി ജദോൻ x സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ്

സ്ഥാപനത്തിൽ ഡാറ്റ എൻട്രി ഓപ്പറേർ എന്ന തസ്തികയിൽ മൂന്ന് മാസത്തേക്കാണ് തൊഴിലാളി നിയമിതനായത്. ജോലി ചെയ്ത ആ മൂന്നു മാസവും അവർക്ക് കൃത്യമായി മേനേജ്മെന്റ് വേതനം നല്കി. മൂന്ന് മാസത്തിനു ശേഷം മേനേജ്മെന്റ് അവർക്ക് ശമ്പളം നല്കിയില്ല. പകരം ജോലി ചെയ്തുവെന്ന് കാണിക്കുന്ന സാക്ഷ്യപത്രം മാത്രമാണ് നല്കിയത്. ഇപ്രകാരം ഒരു വർഷം കടന്നുപോയി. വേതന കുടിശിക ആവശ്യപ്പെട്ടപ്പോൾ മേനേജ്മെന്റ് അത് നിരസിക്കുകയും അവരുടെ സേവനം അവസാനിപ്പിക്കുകയും ചെയ്തു. തുടർന്ന് അവർ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഒരു വർഷം തന്നെക്കൊണ്ട് വേതനരഹിതമായി നിർബ്ബന്ധിത തൊഴിൽ ചെയ്യിച്ചുവെന്നും അത് മൗലികാവകാശ ലംഘനമാണെന്നും തൊഴിലാളി ആരോപിച്ചു. മൂന്ന് മാസം ശമ്പളത്തോടെ ജോലി ചെയ്തതിന്റെയും പിന്നീട് ഒരു വർഷം വേതനരഹിതമായി ജോലി ചെയ്യാൻ നിർബ്ബന്ധിതമായതിന്റെയും സാക്ഷ്യപത്രം അവർ ഹൈക്കോടതിയിൽ ഹാജരാക്കി. മൂന്ന് മാസത്തേക്കാണ് തൊഴിലാളി നിയമിതനായതെന്നും അതിനു ശേഷമുള്ള അവരുടെ സേവനം നിയമവിരുദ്ധമാണെന്നും അവരെ ആരും ഒരു വർഷത്തേക്കുകൂടി നിയമിച്ചിട്ടില്ലെന്നും മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. നിയമാനുസൃതമല്ലാതെ നിയമിക്കപ്പെട്ടയാളുടെ നിയമാനുസൃതമല്ലാത്ത സേവനത്തിന് പ്രതിഫലം നല്കാൻ തങ്ങൾ ബാധ്യസ്ഥരല്ലെന്ന് മേനജ്മെന്റ് വാദിച്ചു. നിയമനം നിയമാനുസൃതമാണെങ്കിലും അല്ലെങ്കിലും ചെയ്ത ജോലിക്ക് പ്രതിഫലം നല്കാൻ തൊഴിലുടമ ബാധ്യസ്ഥനാണെന്നും നിയമപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ആ ബാധ്യതയിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ലെന്നും ഹൈക്കോടതി ഓർമ്മിപ്പിച്ചു. വേതനം നല്കാതെ തൊഴിൽ ചെയ്യിക്കുന്നത് നിർബ്ബന്ധിത തൊഴിലിന് സമാനമാണെന്നും അത് മൗലികാവകാശ ലംഘനമാണെന്നും വിലയിരുത്തിയ ഹൈക്കോടതി പ്രതിമാസം പതിനായിരം രൂപ എന്ന നിരക്കിൽ ഒരു വർഷത്തെ വേതനം 10% പലിശ സഹിതം ഒരു മാസത്തിനുള്ളിൽ മേനേജ്മെന്റ് തൊഴിലാളിക്ക് നല്കണമെന്നും തൊഴിലുടമ പതിനായിരം രൂപ പിഴ അടയ്ക്കണമെന്നും വിധിച്ചു.